I/67111/2022

**<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**

**<u>ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം</u>**

വിഷയം:- **തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് -ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കൊല്ലം-** തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ, തഴുത്തല വില്ലേജിൽ, റീ സർവേ നമ്പർ 335/9 ൽ ഉൾപ്പെട്ട 42 ആർ സ്ഥലത്ത് നിലവിലുള്ള സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി 2352.25 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ രണ്ട് നിലകളും സ്റ്റെയർ റൂമും ഉൾപ്പെടുന്ന സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ ഗോപാലകൃഷ്ണൻ (പ്രസിഡന്റ്), ശ്രീ അനീഷ് കുമാർ (സെക്രട്ടറി), വല്യകുനമ്പായിക്കുളം ശ്രീ ഭദ്രകാളി ക്ഷേത്രം ടസ്ററ്, വടക്കേവിള പിഒ, കൊല്ലം - ന് **ലേയൗട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.**

പരാമർശം:- പ്രസിഡന്റ്, വലിയകുനമ്പായിക്കുളം ശ്രീ ഭദ്രകാളി ക്ഷേത്രം സമർപ്പിച്ച 11/07/2022 ലെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ TCPKLM/387/2022/C തീയതി 23-08-2022</u>**

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ, തഴുത്തല വില്ലേജിൽ റീ സർവ്വേ നമ്പർ 335/9 ൽ ഉൾപ്പെട്ട 42 ആർ സ്ഥലത്ത് നിലവിലുള്ള സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി 2352.25 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ രണ്ട് നിലകളും സ്റ്റെയർ റൂമും ഉൾപ്പെടുന്ന സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ. ഗോപാലകൃഷ്ണൻ (പ്രസിഡന്റ്), ശ്രീ. അനീഷ് കുമാർ (സെക്രട്ടറി), വലിയ കുനമ്പായിക്കുളം ശ്രീ ഭദ്രകാളി ക്ഷേത്രം ട്രസ്റ്റ്, വടക്കേവിള പിഒ, കൊല്ലം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR 2019 നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേയൗട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നമ്പർ/ ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. സ്വാഭാവിക ജലനിർഗമനമാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
5. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം. പ്രസ്തുത ലേ- ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം /മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാകരുത്.
6. പ്ലാനിൽ നൽകിയിട്ടുള്ളവിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്ക്

ഉപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

7. KPBR 2019 ചട്ടം 42 പ്രകാരം വിഭിന്ന ശേഷിക്കാർ, മുതിർന്നവർ കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
8. സൈറ്റ് പ്ലാനിൽ പൊളിച്ച് നീക്കാനുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുള്ള നിർമ്മാണങ്ങൾ പൊളിച്ച് നീക്കേണ്ടതാണ്. കൂടാതെ KPBR 2019 ചട്ടം 79(A ) പ്രകാരം കെട്ടിട നിർമ്മാണ സമയത്തോ, നിലവിലുള്ള നിർമ്മാണം പൊളിച്ചു മാറ്റേണ്ടി വരുമ്പോഴോ ഉണ്ടാകുന്ന മാലിന്യങ്ങൾ (waste) 2016 ലെ construction and demolition of waste management rule പ്രകാരം സുരക്ഷിതമായി ഡിസ്പോസ് ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
9. നിർദിഷ്ട നിർമ്മാണം KPBR 2019 - നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കുന്നതിനോ / ക്രമവൽക്കരിക്കുന്നതിനോ ഉള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നടപടി ക്രമം പൂർത്തിയാക്കി ക്രമവൽക്കരണ അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ കെട്ടിടം ഉപയോഗിക്കാവൂ. പുതിയ നിർമ്മാണത്തിന് നിർമ്മാണ / വികസന അനുമതി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാനും പാടുള്ളൂ.

<u>40/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

TOWN PLANNER

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

ശ്രീ ഗോപാലകൃഷ്ണൻ(പ്രസിഡന്റ്), ശ്രീ അനീഷ് കുമാർ (സെക്രട്ടറി), വലിയ കൂനമ്പായിക്കുളം ശ്രീ ഭദ്രകാളീ ക്ഷേത്രം ട്രസ്റ്റ്, വടക്കേവിള പി.ഒ, കൊല്ലം

പകർപ്പ്: സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

OFFICE OF THE DISTRICT TOWN PLANNER-LSGD PLANNING, KOLLAM CUTCHERY P.O. KOLLAM-691013 ★ Ph: 0474-2742062 Date: